"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – പട്ടികജാതി ,പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ – മെറിറ്റ് അടിസ്ഥാനത്തിൽ ലഭിക്കുന്ന മറ്റ് സ്കോളർഷിപ്പുകൾ കൂടി അനുവദിക്കുന്നതിന് – നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.33/2026/SCSTD തീയതി,തിരുവനന്തപുരം, 19-09-2026

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 2/2023/പജപവവിവ തീയതി 05.01.2023.
2. സ.ഉ.(അച്ചടി) നം. 9/2023/പജപവവിവ തീയതി 26.12.2023.
3. കേന്ദ്ര സർക്കാരിന്റെ 12.11.2025 ലെ D-12011/01/2025-DBT നമ്പർ ഓഫീസ് മെമ്മോറാണ്ടം.
4. മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഹയർ എഡ്യൂക്കേഷന്റെ 19.06.2026 ലെ 1-34/2020-NS.1(pt.ii) നമ്പർ കത്ത്.
5. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 21-07-2026 ലെ STDD/1739/2026-C1(1) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (A) "സ്കോളർഷിപ്പ്: പൊതുവായ മാനദണ്ഡങ്ങൾ/പൊതു വ്യവസ്ഥകൾ" എന്നതിലെ (2)-ാം വ്യവസ്ഥ പ്രകാരം, ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് മറ്റേതെങ്കിലും സ്കോളർഷിപ്പിന് അർഹത ലഭിക്കുന്ന പക്ഷം, വിദ്യാർത്ഥികൾ തീരുമാനമെടുത്ത് അഭികാമ്യമായ ഏതെങ്കിലും ഒരു സ്കോളർഷിപ്പ് മാത്രം വാങ്ങാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മെറിറ്റ് അടിസ്ഥാനത്തിൽ ലഭിക്കുന്ന സ്കോളർഷിപ്പുകൾക്കൊപ്പം ക്ഷേമ സ്കോളർഷിപ്പുകളും അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പരാമർശം (3) പ്രകാരം ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലഭിക്കുന്ന മറ്റ് സ്കോളർഷിപ്പുകൾ കൂടി അനുവദിക്കുന്നതിനായി നിലവിലുള്ള വ്യവസ്ഥയിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം (5) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഖണ്ഡിക (A) "സ്കോളർഷിപ്പ്: പൊതുവായ മാനദണ്ഡങ്ങൾ/പൊതു വ്യവസ്ഥകൾ" എന്നതിലെ (2)-ാം വ്യവസ്ഥ റദ്ദ് ചെയ്ത് ഉത്തരവാകുന്നു. പരാമർശം (3) ലെ വ്യവസ്ഥകളനുസരിച്ച് ഇ-ഗ്രാന്റ്സ്

പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലഭിക്കുന്ന മറ്റ് സ്കോളർഷിപ്പുകൾ കൂടി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്.

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Nazeer S
Date: 22-09-2026
11:10:16

സെക്ഷൻ ഓഫീസർ